നേറ്റ് കോടതിയിൽ ഫയൽ ചെയ്ത കേസിന്റെ അന്തിമവിധിയായിട്ടില്ല. തുടർന്ന് 20.10.1998 ലെ ബോർഡ് തീരുമാനപ്രകാരം വിലയാധാരം അത്യന്താപേക്ഷിതമായുള്ളവർക്ക് താല്ക്കാലിക വിലയുടെ 30% കൂടി അധികമായി വസൂലാക്കിക്കൊണ്ട് വ്യവസ്ഥകൾക്കു വിധേയമായി സമ്പൂർണ്ണ വിലയാധാരം നല്കാനുള്ള സംവിധാനം ബോർഡിൽ നിലവിലുണ്ട്.

(ബി) ഈ കോളനിയിലെ 10 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(സി) എൽ.എ.ആർ. കേസിന്റെ അന്തിമവിധി ആകാത്തതിനാൽ വസ്തുവിന്റെ താൽക്കാലിക വിലയുടെ 30% കൂടി അധികമായി അടയ്ക്കുന്നവർക്ക് പട്ടയം നൽകുന്നതാണ്. അന്തിമവില തിട്ടപ്പെടുത്തുമ്പോൾ അധികം അടച്ച തുക 8% പലിശ ഉൾപ്പെടെ മടക്കിക്കൊടുക്കുന്നതാണ്. ഏതെങ്കിലും കാരണവശാൽ കൂടുതൽ തുക അലോട്ടി അടയ്ക്കേണ്ടതായി വന്നാൽ ആ തുക അടച്ചുകൊള്ളാമെന്ന് ഒരു ഇൻഡമിനിറ്റി ബോണ്ട് കൂടി അലോട്ടി വയ്ക്കേണ്ടതാണ്.

150 (1371) ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനങ്ങൾ

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> :

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് പുതുതായി ഏതെങ്കിലും നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാം;

(സി) ഇല്ലെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് പുതുതായി തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ താഴെ പറയുന്നവയാണ്.

1) <u>പൊതു ഭവന നിർമ്മാണ പദ്ധതി</u>

സ്വന്തമായി വീടില്ലാത്തവർക്കും വീടോ, ഫ്ളാറ്റോ, വികസിത ഫ്ളാറ്റോ നിർമ്മിച്ചു നൽകുന്ന ഈ പദ്ധതിപ്രകാരം താഴെ പറയുന്ന പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ക്രമ നമ്പർ	പദ്ധതിയുടെ പേര്	യൂണിറ്റുകളുടെ എണ്ണം			
		വീട്	ഫ്ളാറ്റ്	വികസിത പ്ലോട്ട്	ആകെ
1.	വെല്ലൂർ ഭവന നിർമ്മാണ പദ്ധതി	-	-	33	33
2.	പാല ഭവന നിർമ്മാണ പദ്ധതി സൈറ്റ് 1	9	-	1	10
3.	തൊടുപുഴ ഭവന നിർമ്മാണ പദ്ധതി സൈറ്റ് 2	17	-	-	17
4.	മെഡിക്കൽ കോളേജ് സ്റ്റേജ് 1 ഫെയ്സ് 3 (കോഴിക്കോട്)	53	-	-	53
5.	മീനങ്ങാടി ഭവന നിർമ്മാണ പദ്ധതി	23	-	-	23
6.	അകത്തേത്തറ ഭവന നിർമ്മാണ പദ്ധതി	46	-	-	46
7.	ബാലരാമപുരം ഭവന നിർമ്മാണ പദ്ധതി	-	184	-	184
8.	തൃക്കാക്കര ഭവന നിർമ്മാണ പദ്ധതി	-	84	-	84
9.	റ്റി.സി.റോഡ് (എറണാകുളം)	-	14	-	14
10.	മുളംകുന്നത്തുകാവ് സ്റ്റേജ് 2	134	-	-	134
11.	കൂവപ്പാടി ഭവന നിർമ്മാണ പദ്ധതി	20	-	-	20
12.	ഇളംകുളം ഈസ്റ്റ് കൊമേഴ്സ്യൽ കോംപ്ലക്സ് ഫ്ളാറ്റുകളാക്കിയത്	-	30	-	30
13.	പത്തനംതിട്ട ഭവന നിർമ്മാണ പദ്ധതി	21	-	-	21
14.	കാഞ്ഞിരപ്പള്ളി ഭവന നിർമ്മാണ പദ്ധതി	33	-	3	36
15.	പുല്ലഴി ഭവന നിർമ്മാണ പദ്ധതി	15	64	-	79
16.	ഒറ്റപ്പാലം ഭവന നിർമ്മാണ പദ്ധതി	67	-	-	67
17.	ചിറയ്ക്കൽ ഭവന നിർമ്മാണ പദ്ധതി	-	16	-	16
18.	പെരുമ്പാവൂർ ഭവന നിർമ്മാണ പദ്ധതി	-	80	-	80
	ആകെ	438	472	37	947

LIBRARY ARCHIVES Kerala Legislative Assembly

(2) ഹൗസിംഗ് കോംപ്ലക്സ് (ഇ.ഡബ്ല്യു.എസ്.)

റോഡ്, തോട്, പുറംപോക്ക് എന്നിവിടങ്ങളിൽ താമസിക്കുന്ന സ്വന്തമായി വീടില്ലാത്ത ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടി പഞ്ചായത്തുകൾതോറും ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുനൽകുന്ന പദ്ധതി പ്രകാരം താഴെ പറയുന്ന പദ്ധതികളുടെ നിർമ്മാണം ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു.

ക്രമ നമ്പർ	പഞ്ചായത്തിന്റെ പേര്	വീടുകളുടെ എണ്ണം
1.	കേരളശ്ശേരി	20
2.	ഓരിയോട്	20
3.	പൊരുവയൽ	40

ഈ പദ്ധതിക്ക് പഞ്ചായത്തിന്റെ അനുമതി ലഭിക്കാത്തതിനാൽ പണി നിർത്തി വച്ചു.

(3) വർക്കിംഗ് വിമൻസ് ഹോസ്റ്റൽ

കോട്ടയം, മുട്ടം (തൊടുപുഴ) എന്നിവിടങ്ങളിൽ 100-ഉം 112-ഉം കിടക്കകൾ വീതമുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചു.

ഇതിനുപുറമെ സിങ്കിൾ വുമൻ ഹൗസിംഗ് സ്കീം, മുതിർന്ന സ്വാതന്ത്ര്യ സമരസേനാനികൾക്കുള്ള ഹൗസിംഗ് സ്കീം, വൃദ്ധജനങ്ങൾക്കായുള്ള ശാന്തിസദനം, ഭവന പദ്ധതി, മോഡൽ വില്ലേജ്, ടൂറിസ്റ്റ് കോട്ടേജ് എന്നീ പദ്ധതികൾക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള നടപടി എടുത്തു വരുന്നു.

(സി) നിർമ്മാണപ്രവർത്തനങ്ങൾക്കും, പുറമേ ബോർഡ് നടപ്പിലാക്കി വരുന്ന മൈത്രി ഭവന പദ്ധതി ഉൾപ്പെടെയുള്ള വിവിധ വായ്പാ പദ്ധതികൾ പ്രകാരം 4/96 മുതൽ 10/99 വരെ ആകെ 1,50174 പേർക്ക് വായ്പ അനുവദിക്കുകയും അതിൽ 1,40605 വീടുകൾ പൂർത്തിയാകുകയും ചെയ്തു. ഈ ഇനത്തിൽ ബോർഡ് 60683.27 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു.

151 (1372) ഭവന വായ്പ നിഷേധിച്ച നടപടി

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമേൽ പഞ്ചായത്തിൽ താഴാന്തക്കുഴി കുന്നിൽ വീട്ടിൽ പട്ടികജാതിയിൽപ്പെട്ടവനും ദരിദ്രനുമായ നെൽസന് ഭവന നിർമ്മാണ ബോർഡിന്റെ പത്തനാപുരം ശാഖയിൽനിന്നും മൈത്രി ഭവനപദ്ധതിയിൽ എന്നാണ് വായ്പ അനുവദിച്ചതെന്നറിയിക്കുമോ;

(ബി) വീടിന്റെ വലിപ്പം കൂടി എന്നാരോപിച്ച് അദ്ദേഹത്തിന് വീടിന്റെ രണ്ടും മൂന്നും ഗഡു വായ്പ നിഷേധിച്ചിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അദ്ദേഹത്തിന് വായ്പ ലഭിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്നു വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly